ശാസ്ത്രീയ പിൻബലമില്ലാത്ത ആരോഗ്യസംരക്ഷണ വസ്തുക്കളുടെ വിൽപ്പന

156 [1735] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. വി. കെ. സി. മമ്മത്കോയ:
" കെ. വി. കുഞ്ഞിരാമൻ:
" കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ പിൻബലമില്ലാത്ത ആരോഗ്യ സംരക്ഷണ വസ്തുക്കളും രോഗശമന ഉൽപ്പന്നങ്ങളും സംസ്ഥാനത്ത് വിറ്റഴിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം ഉൽപ്പന്നങ്ങളും ആരോഗ്യസംരക്ഷണ വസ്തുക്കളുമാണ് സംസ്ഥാനത്ത് വിറ്റഴിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം ഉൽപ്പന്നങ്ങളുടെ വിപണനം തടയുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്റ്റിന്റെ പരിധിയിൽ വരാത്ത ഉൽപ്പന്നങ്ങളാണോ സംസ്ഥാനത്ത് വിറ്റഴിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ചെന്നൈയിലുള്ള കോണിബയോ ഹെൽത്ത് കെയർ എന്ന സ്ഥാപനം ഏതെല്ലാം ഉൽപ്പന്നങ്ങളും ആരോഗ്യസംരക്ഷണ വസ്തുക്കളുമാണ് സംസ്ഥാനത്ത് വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ജി) ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്റ്റിന്റെ പരിധിയിൽ വരാത്തതും ആരോഗ്യത്തിന് ഹാനികരവുമായ ഉൽപ്പന്നങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ഐ) പ്രസ്തുത അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ അന്വേഷണത്തിന് നിയോഗിച്ചിട്ടുണ്ട്.

(സി) സോക്സ്, റ്റീഷർട്ട്, നെക്ലേസ്, ബെഡ്ഷീറ്റ് തുടങ്ങിയ നിരവധി ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) ഉൽപ്പന്നങ്ങളുടെ ലേബലിൽ ഔഷധമായി ഉപയോഗിക്കാമെന്ന അവകാശവാദമില്ല. അതിനാൽ ഈ ഉൽപ്പന്നങ്ങൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിന്റെ പരിധിയിൽ വരുന്നില്ല.

(എഫ്) സോക്സ്, റ്റീഷർട്ട്, നെക്ലേസ്, ബെഡ്ഷീറ്റ് തുടങ്ങിയ നിരവധി ഉൽപ്പന്നങ്ങൾ വിൽക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി ആന്റ് എച്ച്) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറെ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ചിട്ടുണ്ട്.

(ഐ) അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

നിയമം ലംഘിച്ച് മരുന്നുവിതരണം നടത്തിവരുന്ന സ്ഥാപനങ്ങൾ

157 [1736] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകൾ സംഭരിക്കുന്നതു മുതൽ അവ രോഗികളുടെ കൈയിൽ എത്തുന്നതുവരെ യോഗ്യതയുള്ള ഫാർമസിസ്റ്റുകൾ മാത്രമേ കൈകാര്യം ചെയ്യാൻ പാടുള്ളൂ എന്ന നിയമം ലംഘിച്ച് ചില സ്ഥാപനങ്ങൾ മരുന്നു വിതരണം നടത്തി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്റ്റോറുകളിലും ആശുപത്രികളിലും യോഗ്യതയുള്ള ഫാർമസിസ്റ്റുകൾ മാത്രമാണ് മരുന്നുകൾ കൈകാര്യം ചെയ്തുവരുന്നത്. എന്നാൽ സ്വകാര്യ മെഡിക്കൽ ഷോപ്പുകളിൽ ഫാർമസിസ്റ്റിന്റെ അഭാവത്തിൽ ഫാർമസിസ്റ്റുകളല്ലാത്തവർ മരുന്നുകൾ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly